ചികിത്സാ ധനസഹായം ഉയർത്തി

തിരുവനന്തപുരം: അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കും സിനിമാസീരിയൽ കലാകാരന്മാർക്കുമുള്ള അടിയന്തര ചികിത്സാ ധനസഹായം 25,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയാക്കി ഭേദഗതി ചെയ്ത് ഉത്തരവായി. കലാരംഗത്തെ നിരവധി സംഘടനകൾ നേരത്തെ ഈ ആവശ്യം ഉന്നയിച്ചിരുന്നു. മന്ത്രി എ.കെ.ബാലൻ പ്രത്യേക താത്പര്യമെടുത്താണ് തീരുമാനം നടപ്പിലാക്കിയത്.

യു.എൻ.എ : ദേശീയ അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചു

കൊച്ചി: ദേശീയ തൊഴിലാളി സംഘടനയായി രജിസ്റ്റർ ചെയ്യുന്നതിന്റെ ഭാഗമായി 13 സംസ്ഥാനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (യു. എൻ. എ) അഖിലേന്ത്യാ അഡ്ഹോക് കമ്മിറ്റിക്ക് രൂപം നൽകി. കൊച്ചിയിൽ നടന്ന അഖിലേന്ത്യാ പ്രവർത്തക സംഗമം 102 അംഗ കമ്മിറ്റിയെയും 26 അംഗ സെക്രട്ടേറിയറ്റിനെയും തിരഞ്ഞെടുത്തു. അഖിലേന്ത്യാ സമ്മേളനം ഫെബ്രുവരി 25ന് ഡൽഹിയിൽ നടത്താനും തീരുമാനിച്ചു. മറൈൻഡ്രൈവിൽ നടന്ന സംഗമം യു.എൻ.എ അദ്ധ്യക്ഷൻ ജാസ്മിൻ ഷാ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി എം.വി. സുദീപ് അദ്ധ്യക്ഷത വഹിച്ചു.

ദേശീയ ഭാരവാഹികളായി ജാസ്മിൻഷാ(പ്രസിഡന്റ്), റിൻസ്ജോസഫ്(വർക്കിംഗ്പ്രസിഡന്റ്), എം.വി. സുദീപ്(ജനറൽസെക്രട്ടറി), ടി.സി. ജിബിൻ(വർക്കിംഗ്സെക്രട്ടറി), അനീഷ്മാത്യു(ട്രഷറർ), ജോൾഡിൻ ഫ്രാൻസിസ് (കോ ഓർഡിനേറ്റർ), മാത്യു കെ. ജോൺ, ഹാരിസ് മണലുംപാറ, ടിന്റു സോമൻ (വൈസ് പ്രസിഡന്റുമാർ), ജിഷ ജോർജ്, ആരതി ജാദവ്, ദീപ്ശിഖ സിംഗ്(ജോ. സെക്രട്ടറിമാർ) എന്നിവരെ തിരഞ്ഞെടുത്തു. യു.എൻ.എയുടെ ആറാം സംസ്ഥാന സമ്മേളനം മറൈൻഡ്രൈവിൽ ഇന്ന് രാവിലെ 10 ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. മുൻമന്ത്രി ഷിബു ബേബിജോൺ മുഖ്യാതിഥിയാകും. പൊതുസമ്മേളനവും യു.എൻ.എ ആറാം സ്ഥാപകദിനാഘോഷവും നാളെ ഭരണപരിഷ്കാര കമ്മിഷൻ അദ്ധ്യക്ഷൻ വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യും.

ഹാദിയയുടെ യാത്ര വിമാനത്തിലാക്കണം : ഷെഫീൻ

തിരുവനന്തപുരം: ഹാദിയയെ സുപ്രീംകോടതിയിൽ ഹാജരാക്കുന്നതിനുള്ള യാത്ര വിമാനത്തിലാക്കണമെന്നാവശ്യപ്പെട്ട് ഭർത്താവ് ഷെഫീൻ ജഹാൻ സംസ്ഥാന വനിതാ കമ്മിഷനെ സമീപിച്ചു. ട്രെയിൻ യാത്രയ്ക്കിടയിൽ ഹാദിയയ്ക്ക് സുരക്ഷാ പ്രശ്നങ്ങളോ മൊഴിമാറ്റത്തിന് സ്വാധീനമോ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് ഷെഹീൻ പറയുന്നു. ഈ സാഹചര്യത്തിൽ യാത്ര വിമാനത്തിലാക്കാൻ കമ്മിഷൻ ഇടപെടണമെന്നാണ് ആവശ്യം.

എന്നാൽ, ഹാദിയയെ ഹാജരാക്കാൻ സുപ്രീംകോടതി നിർദ്ദേശിച്ചത് പിതാവ് അശോകനോടാണെന്നും യാത്ര എങ്ങനെ ആകണമെന്ന് തീരുമാനിക്കേണ്ടത് അശോകനാണെന്നും വനിതാ കമ്മിഷൻ അദ്ധ്യക്ഷ എം. സി. ജോസഫൈൻ പറഞ്ഞു. ഹാദിയയെ 27 ന് ഹാജരാക്കാനാണ് സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുന്നത്.

സോളാർ കേസ്: പ്രത്യേക സംഘം ഇന്ന് യോഗം ചേരും

തിരുവനന്തപുരം: സോളാർ കേസന്വേഷണത്തിനായി രൂപീകരിച്ച പ്രത്യേക സംഘത്തിന്റെ ആദ്യ യോഗം ഇന്ന് ചേരും. ഉത്തരമേഖല ഡി.ജി.പി രാജേഷ് ദിവാന്റെ നേതൃത്വത്തിലുള്ള പ്രത്യേകസംഘമാണ് ഡി. ജി. പി ലോക്നാഥ് ബെഹ്റയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുക. ദിവാനെ അന്വേഷണ ചുമതല ഏല്പ്പിച്ചുകൊണ്ടുള്ള ഉത്തരവ് കഴിഞ്ഞ ദിവസം കൈമാറി.

സഹകരണ മേഖലയിൽ ഡിജിറ്റിൽ സാക്ഷരത അനിവാര്യം : മുഖ്യമന്ത്രി

കോഴിക്കോട്: സഹകരണ മേഖല ഡിജിറ്റിൽ സാമ്പത്തിക മേഖലയിലേക്ക് മാറണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അറുപത്തിനാലാമത് സഹകരണ വാരാഘോഷം സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹകരണ മേഖലയിലെ ഒറ്റപ്പെട്ട അഴിമതികളും ധനവിനിയോഗ ധൂർത്തുമെല്ലാം ഡിജിറ്റിലൈസേഷൻ വഴി തടയാനാവും. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സഹകരണ മേഖലയിൽ മാറ്റങ്ങളുണ്ടാകും. 'ഹരിത കേരളത്തിന് സഹകരണത്തിന്റെ കൈത്താങ്ങ്' എന്ന സന്ദേശം ഉയർത്തിയാണ് സംസ്ഥാനതല ആഘോഷം നടക്കുന്നത്. ഇതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾക്കൊപ്പം 1000 ജൈവ പച്ചക്കറി ത്തോട്ടങ്ങളും 320 മഴക്കുഴികളും ജില്ലയിൽ നിർമിക്കും. പരിപാടിയിൽ സഹകരണ ടൂറിസം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മേയർ തോട്ടത്തിൽ രവീന്ദ്രൻ, എം.പി. വീരേന്ദ്രകുമാർ എം.പി., എം.കെ. മുനീർ എം.എൽ.എ., ഇ.കെ. വിജയൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർ, സഹകരണ വകുപ്പ് സെക്രട്ടറി പി. വേണുഗോപാലൻ, സഹകരണ രജിസ്ട്രാർ എസ്. ലളിതാംബിക, ജോയിന്റ് രജിസ്ട്രാർ പി.കെ. പുരുഷോത്തമൻ തുടങ്ങിയവർ സംസാരിച്ചു.

സങ്കടക്കടലിൽ ജീവിതത്തിന്റെ ദുരിതരേഖ

കടലിൽ മീൻപിടിക്കുന്ന ഏകവനിതയ്ക്ക് ആ ബഹുമതി ഭാരമാകുന്നു

KAUMUDI SPECIAL

ആർ. സ്മിതാദേവി

തിരുവനന്തപുരം: നാല്മക്കൾക്ക് അന്നത്തിന് വകയുണ്ടാക്കാൻ പുലർച്ചെ മൂന്ന് മണിക്ക് ഈ അമ്മ പോകുന്നത് ആഴക്കടലിലേക്കാണ്. പുറംകടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ഇന്ത്യയിലെ ഏക വനിതയാണ് 37 കാരിയായ രേഖ കാർത്തികേയൻ. കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രം രേഖയെ കണ്ടെത്തിയെങ്കിലും ഈ ബഹുമതി അലങ്കാരം മാത്രമാണ്. നാല് പെൺമക്കൾ ഉൾപ്പെടെ ആറംഗങ്ങളുള്ള കുടുംബം. പിന്നെ നാല്ലക്ഷം രൂപയുടെ കടവും...

ഈ കടം വീട്ടാൻ, കുടുംബം ജീവിതത്തിരകളിൽ മുങ്ങാതിരിക്കാൻ പഴഞ്ചൻ ഫൈബർവള്ളവും 25 വർഷം പഴക്കമുള്ളൊരു യമഹ എൻജിനുമായി രേഖ കടലിൽ തിരമുറിച്ച് പോകുന്നു. 'നാല്പെൺമക്കളുടെ വിദ്യാഭ്യാസവും ഭാവിയും സുരക്ഷിതമാക്കണം. അതിനാണ് നീന്തലറിയാഞ്ഞിട്ടും ആഴക്കടലിലേക്ക് പോകുന്നത്'- രേഖ പറയുന്നു.

തൃശൂർ ചേറ്റുവ സ്വദേശി രേഖ പത്ത് വർഷം മുൻപാണ് ഭർത്താവ് കാർത്തികേയനൊപ്പം കടലിൽ പോകാൻ തുടങ്ങിയത്. കടലിൽ പോകാൻ ഭർത്താവിന് സഹായിയെ കിട്ടാതായപ്പോഴാണ് നീന്തലറിയാത്ത ഈ പെണ്ണ് ആഴക്കടലിലേക്ക് പോകാൻ ധൈര്യം കാണിച്ചത്.

ദിവസം 38 ലിറ്റർ മണ്ണെണ്ണയും എണ്ണൂറ് രൂപയുടെ പെട്രോളും വേണം. ഇത്രയും ഇന്ധനം കത്തിച്ച് കടലിൽ പോകുന്ന ദിവസങ്ങളിൽ പലപ്പോഴും ഒന്നും കിട്ടാതെ ഒഴിഞ്ഞ തോണിയുമായി മടങ്ങേണ്ടി വരുന്നുണ്ട്. ആഴക്കടലിൽ മരണത്തെ മുഖാമുഖം കണ്ട ഒരു ദിനം രേഖ ഓർക്കുന്നു: 'എൻജിന്റെ പങ്ക ഊരിപ്പോയി. കടലിൽ ഒഴുകി നടന്നു. മറ്റ് വഞ്ചിക്കാരാണ് രക്ഷയ്ക്കെത്തിയത്. ഇല്ലായിരുന്നെങ്കിൽ ഞങ്ങളുടെ മക്കൾ അനാഥരാകുമായിരുന്നു.'

'ഫൈബർവള്ളം വളരെ പഴക്കമുള്ളതാണ്. സെക്കൻഡ് ഹാൻഡായി വാങ്ങിയതാണ്. പഴക്കം കാരണം അത് വെള്ളത്തിൽ പതിഞ്ഞാണ് കിടക്കുന്നത്. കാറ്റ് വന്നാൽ വെള്ളം വള്ളത്തിലേക്കടിച്ചു കയറും. പുതിയൊരു വള്ളം വാങ്ങണമെന്നുണ്ട്. പണം വേണ്ടേ? പുതിയ ഫൈബർ വള്ളത്തിന് 1,80,000 രൂപ വേണം. നല്ലൊരു ഫൈബർ വള്ളമുണ്ടെങ്കിൽ കൂടുതൽ അകലേക്കുപോയി മീൻപിടിക്കാം. നെയ്മീനും അയലയും പോലുള്ള മീനുകൾ ആഴക്കടലിലുണ്ട്. പഴഞ്ചൻ വള്ളവുമായി അങ്ങോട്ട് പോകുന്നത് അപകടമാണ്. എൻജിന് 1,27,000 രൂപയാകും. ' മൂന്ന് കൊല്ലം പഴക്കമുള്ളൊരു വല ഉപയോഗിച്ചാണ് മീൻപിടിക്കുന്നത്. അതിനും വേണം 1,25,000 രൂപ. പ്ലസ്ടു വിദ്യാർത്ഥിനിയായ മായ, ഒൻപതാം ക്ലാസുകാരി അഞ്ജലി, അഞ്ചാം ക്ലാസുകാരി ദേവപ്രിയ, മൂന്നാം ക്ലാസിൽ പഠിക്കുന്ന ലക്ഷ്മിപ്രിയ എന്നിവരാണ് മക്കൾ.

THIRUVANANTHAPURA
രേഖയും ഭർത്താവ് കാർത്തികേയനും

സി.പി.എം ഏരിയാ സമ്മേളനങ്ങളിലേക്ക്

രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: കണ്ണൂർ ജില്ലാ സെക്രട്ടറി പി. ജയരാജനെതിരെ ഉയർന്ന വ്യക്തി പൂജാ വിവാദവും, എൻ.സി.പിയുടെ മന്ത്രി തോമസ് ചാണ്ടി സൃഷ്ടിച്ച തലവേദനയും അണികൾക്കിടയിൽ വ്യാപക ചർച്ചയായിരിക്കെ, സി.പി.എം ഏരിയാ സമ്മേളനങ്ങൾക്ക് ഇന്നലെ തുടക്കമായി.

വ്യക്തി പ്രഭാവം വളർത്തുന്നവെന്ന് കഴിഞ്ഞ സംസ്ഥാന കമ്മിറ്റിയിൽ വിമർശനമേറ്റുവാങ്ങിയ പി. ജയരാജൻ ഉദ്ഘാടനം ചെയ്തുകൊണ്ട് കണ്ണൂർ ടൗൺ ഏരിയാ സമ്മേളനത്തിന് ഇന്നലെ തുടക്കം കുറിച്ചു. രാഷ്ട്രീയ നിരീക്ഷകർ ജയരാജന്റെ പ്രസംഗത്തെ ഉറ്റുനോക്കിയിരുന്നെങ്കിലും വിവാദ വിഷയത്തിൽ അദ്ദേഹം തൊട്ടില്ല. പാർട്ടിയുടെ വളർച്ചയ്ക്ക് പിന്നിൽ നേതാക്കളല്ല, അണികളാണെന്ന് മാത്രം സൂചിപ്പിച്ചു.

22-ാം പാർട്ടി കോൺഗ്രസിന് മുന്നോടിയായി സംസ്ഥാനത്താകെ 206 ഏരിയാസമ്മേളനങ്ങൾ ഡിസംബർ 15 വരെ നടക്കും. ഏരിയാ കമ്മിറ്റികളിൽ യുവജന, വനിതാ മേഖലകളിലെ രണ്ട് സജീവ പ്രവർത്തകരെ ഉൾപ്പെടുത്തണമെന്ന കർശന നിബന്ധന വച്ചിട്ടുണ്ട്. ഡിസംബർ 26 നും ജനുവരി 21 നും ഇടയിലാണ് ജില്ലാ സമ്മേളനങ്ങൾ.

ബ്രാഞ്ച്, ലോക്കൽ സമ്മേളനങ്ങൾ വിഭാഗീയതയില്ലാതെ ഏറെക്കുറെ പൂർത്തിയാക്കാനായെന്ന് സി.പി.എം അവകാശപ്പെടുന്നു. എന്നാൽ, പാർട്ടി മാർഗരേഖ ലംഘിച്ച് അങ്ങിങ്ങായി ഒറ്റപ്പെട്ട ചില സമ്മേളനങ്ങളിൽ വിഭാഗീയ മത്സരം അരങ്ങേറിയത് പാർട്ടി നേതൃത്വം ഗൗരവത്തോടെയാണ് കാണുന്നത്. കണ്ണൂർ ജില്ലയിലെ തലശ്ശേരി ടൗൺ ലോക്കൽ സമ്മേളനത്തിൽ ഒരു വിഭാഗം മത്സരത്തിനൊരുങ്ങിയതിനെ തുടർന്ന് ജില്ലാ സെക്രട്ടറി ഇടപെട്ട് നിറുത്തി വച്ചു. പിന്നീട് ഇരുവിഭാഗങ്ങളുമായി സംസാരിച്ച് മത്സരം ഒഴിവാക്കുകയായിരുന്നു. തലസ്ഥാന ജില്ലയിലെ പേരൂർക്കടയിൽ മത്സരം ഒഴിവാക്കാനാവാതെ വന്നതോടെ സമ്മേളനം നിറുത്തി വച്ചു. വിഭാഗീയതയുമായി ബന്ധപ്പെട്ട മറ്റ് ചില പരാതികളും പ്രാദേശിക തലങ്ങളിൽ നിന്ന് ജില്ലാ, സംസ്ഥാന കമ്മിറ്റികൾക്ക് ലഭിച്ചിട്ടുണ്ട്.

മതം മാറ്റി യുവതിയെ ഐസിസ് താവളത്തിലേക്ക് കടത്താൻ ശ്രമം

എൻ.ഐ.എ സംഘം ന്യൂമാഹിയിൽ

തലശ്ശേരി: പ്രണയം നടിച്ച് മതം മാറ്റി വിവാഹം ചെയ്യുന്ന രേഖയുണ്ടാക്കി യുവതിയെ സൗദി അറേബ്യയിലെത്തിച്ച ശേഷം ഐസിസ് താവളത്തിലേക്ക് കടത്താൻ ശ്രമിച്ചെന്ന കേസിൽ എൻ. ഐ.എ അന്വേഷണം ഊർജ്ജിതമാക്കി.

പത്തനംതിട്ടക്കാരിയായ യുവതിയുടെ ഹർജിയിൽ പ്രതിയായ ന്യൂമാഹി സ്വദേശി മുഹമ്മദ് റിയാസിനെതിരെ ഹൈക്കോടതി അന്വേഷണത്തിനു ഉത്തരവിടുകയായിരുന്നു. എൻ.ഐ.എ സംഘം രണ്ടു ദിവസമായി ന്യൂമാഹിയിലുണ്ട്. രണ്ടു വർഷത്തിലേറെയായി ലൈംഗിക അടിമയാക്കി സൗദിയിൽ പാർപ്പിച്ച മുഹമ്മദ് റിയാസ് തന്നെ ഐസിസിനു വിൽക്കാൻ ശ്രമിച്ചെന്നാണ് 25-കാരിയുടെ ആരോപണം. റിയാസുമായുള്ള വിവാഹബന്ധം റദ്ദാക്കണമെന്നു ഹർജിയിൽ ആവശ്യപ്പെടുന്നുണ്ട്. കേസ് നവംബർ 30 നു മാറ്റിയിരിക്കുകയാണ്.

ബംഗളൂരുവിൽ പഠിക്കവെയാണ് ഹോസ്റ്റലിനു സമീപം താമസിച്ചിരുന്ന യുവാവ് പ്രണയം നടിച്ച് കൂട്ടിക്കൊണ്ടുപോയത്. നിർബ്ബന്ധിച്ചാണ് മതപരിവർത്തന കേന്ദ്രത്തിൽ എത്തിച്ച് മതം മാറ്റിയത്. സ്ഥിരമായി പർദ്ദ ധരിക്കണമെന്നും സാക്കിർ നായിക്കിന്റെ പ്രസംഗങ്ങളിൽ പറയുന്നത് പാലിക്കണമെന്നും ഐസിസിനെ പിന്തുണയ്ക്കണമെന്നും റിയാസ് ശഠിച്ചു.

പ്രണയകാലത്ത് എടുത്ത നഗ്നചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയാണ് സൗദിയിലേക്ക് കൊണ്ടുപോയത്. അവിടെ വാടകവീട്ടിൽ ലൈംഗിക അടിമയാക്കി താമസിപ്പിച്ചു. വിവാഹരേഖകളിൽ സാക്ഷികളായി ഒപ്പിട്ടത് പോപ്പുലർ ഫ്രണ്ടിന്റെ കണ്ണൂരിലെ പ്രവർത്തകരാണ്. മതപരിവർത്തനം ചെയ്യിച്ചതിന് റിയാസിന്റെ മാതാപിതാക്കൾക്ക് ഏതോ അജ്ഞാത കേന്ദ്രത്തിൽ നിന്ന് പണവും സ്വർണവും ലഭിച്ചതായും ഹർജിയിൽ പറയുന്നുണ്ട്.

ഇന്റർനെറ്റ് ഫോൺ വഴി ഒക്ടോബർ ആദ്യമാണ് അഹമ്മദാബാദിലുള്ള മാതാപിതാക്കളെ വിവരമറിയിച്ചത്. അവിടെ നിന്ന് രക്ഷപ്പെട്ട് ഒക്ടോബർ അഞ്ചിന് അഹമ്മദാബാദിലെത്തിയ യുവതി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

പണം വാങ്ങി പട്ടാളത്തിനുനേരെ കല്ലേറിഞ്ഞെന്ന് വെളിപ്പെടുത്തൽ, ശ്രീനഗർ സ്വദേശി കസ്റ്റഡിയിൽ

കോട്ടയം: പണം വാങ്ങി കാശ്മീരിൽ പട്ടാളത്തിനുനേരെ കല്ലേറിഞ്ഞെന്ന് സോഷ്യൽ മീഡിയയിൽ 'വെളിപ്പെടുത്തിയ' ശ്രീനഗർ സ്വദേശി സഫർ അഹമ്മദിനെ (30) കുമരകത്തു നിന്ന് പൊലീസ് കസ്റ്റഡിയിലെടുത്തു. ഇയാളുടെ പശ്ചാത്തലം വിശദമായി പരിശോധിക്കുകയാണെന്ന് സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ. എസ്. പി ജെ. സന്തോഷ്കുമാർ പറഞ്ഞു.

കുമരകം ജെട്ടിയിൽ കരകൗശല വസ്തുക്കൾ വിൽക്കുന്ന മലബാർബോട്ടിക്യൂവിലെ മാർക്കറ്റിംഗ് വിഭാഗം ജീവനക്കാരനായ സഫർ മൂന്നു വർഷത്തിലേറെയായി ഇവിടെയുണ്ട്. പ്രദേശത്തെ ടാക്സി ഡ്രൈവർമാരുമായി സഫറിന് അടുപ്പമുണ്ടായിരുന്നു.

കാശ്മീരിലെ ആക്രമണങ്ങളെക്കുറിച്ച് ടാക്സിഡ്രൈവർമാർ സഫറുമായി ചർച്ചചെയ്യുന്നതിനിടെ താൻ ആക്രമണങ്ങളിൽ പങ്കെടുത്തിരുന്നതായും, സൈന്യത്തിനു നേരെ കല്ലേറിഞ്ഞിട്ടുള്ളതായും സഫർ പറയുകയായിരുന്നു.

തന്റെ ഒപ്പം കല്ലേറിയാനുണ്ടായിരുന്ന സുഹൃത്ത് സൈന്യത്തിന്റെ വെടിയേറ്റ് മരിച്ചെന്നും, തന്റെ തുടയിൽ വെടിയേറ്റെന്നും മുറിവ് കാട്ടി സഫർ പറഞ്ഞു. ഈ വെളിപ്പെടുത്തലുകളുടെ വീഡിയോ ദൃശ്യം പകർത്തി ടാക്സി ഡ്രൈവർമാർ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചു. ഇതു വൈറലായതോടെയാണ് പൊലീസ് സഫറിനെ കസ്റ്റഡിയിലെടുത്തത്. വീഡിയോ പകർത്തിയ ടാക്സി ഡ്രൈവർമാരുടെ മൊഴിയും പൊലീസ് രേഖപ്പെടുത്തി.

സഫറിന്റെ വെളിപ്പെടുത്തൽ ശരിയല്ലെന്ന നിലപാടിലാണ് പൊലീസ്. ശരീരത്തിൽ വെടിയേറ്റ പാടുകളില്ല. വിശ്വാസയോഗ്യമായ വിവരങ്ങളൊന്നും ഇയാളിൽ നിന്നു കിട്ടിയിട്ടില്ല . എങ്കിലും സഫറിന്റെ പശ്ചാത്തലത്തെക്കുറിച്ച് കാശ്മീരിൽ അന്വേഷണം നടത്തുമെന്ന് പൊലീസ് അറിയിച്ചു.

കേരളത്തിലേത് ചാണ്ടിമാരുടെ ഒത്തുതീർപ്പ് രാഷ്ട്രീയം: വി. മുരളീധരൻ

ബാലരാമപുരം: കേരളത്തിലെ ഇടതു - വലതു പാർട്ടികളിൽ നടക്കുന്നത് ചാണ്ടിമാർ തമ്മിലുള്ള ഒത്തുതീർപ്പ് രാഷ്ട്രീയമാണെന്ന് ബി.ജെ.പി ദേശീയസമിതിയംഗം വി. മുരളീധരൻ പറഞ്ഞു. ബാലരാമപുരം പഞ്ചായത്തിലെ സി.പി.എം അഴിമതിഭരണത്തിനും ഒത്തുതീർപ്പ് രാഷ്ട്രീയത്തിനുമെതിരെ ബി.ജെ.പി നോർത്ത്, സൗത്ത് ലോക്കൽ കമ്മിറ്റികൾ സംഘടിപ്പിച്ച പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

ബി.ജെ.പി നോർത്ത് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് പുന്നക്കാട് ബിജു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനസമിതിയംഗം എരുത്താവൂർ ചന്ദ്രൻ, ദക്ഷിണമേഖല ഉപാദ്ധ്യക്ഷൻ വെങ്ങാനൂർ സതീഷ്, കോവളം മണ്ഡലം പ്രസിഡന്റ് കട്ടച്ചൽക്കുഴി രാധാകൃഷ്ണൻ, ജനറൽ സെക്രട്ടറി പത്മകുമാർ, വൈസ്പ്രസിഡന്റ് ഉണ്ണികൃഷ്ണൻ, സെക്രട്ടറിമാരായ ശ്രീകണ്ഠൻ, ഷിബുകുമാർ, മെമ്പർമാരായ ഹേമലത, രാജേഷ്, മിനി, സിന്ധു തുടങ്ങിയവർ പങ്കെടുത്തു. പ്രവീൺ സ്വാഗതവും സെക്രട്ടറി ഷിബു നന്ദിയും പറഞ്ഞു. പ്രക്ഷോഭയാത്രയ്ക്ക് നോർത്തിൽ പുന്നക്കാട് ബിജുവും സൗത്തിൽ അനിൽരാജും നേതൃത്വം നൽകി.

പൈലറ്റ് കമാൻഡർ അപമാനിച്ചെന്ന എയർ ഹോസ്റ്റസിന്റെ പരാതിയിൽ വനിതാ കമ്മിഷൻ റിപ്പോർട്ട് തേടി

തിരുവനന്തപുരം : പൈലറ്റ് കമാൻഡറുടെ അതിക്രമങ്ങളിൽ നടപടി ആവശ്യപ്പെട്ട് എയർ ഹോസ്റ്റസ് വനിതാ കമ്മിഷനെ സമീപിച്ചു. ഇന്നലെ തിരുവനന്തപുരത്ത് നടന്ന മെഗാ അദാലത്തിലാണ് എയർ ഇന്ത്യാ എക്സ്പ്രസ് ജീവനക്കാരി പരാതിയുമായി എത്തിയത്.

സഹപ്രവർത്തകരും പൈലറ്റിന്റെ അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ടെന്ന രേഖകളുമായാണ് യുവതി അദാലത്തിനെത്തിയത്.

പൈലറ്റ് വാട്ട്സ് ആപ് ഗ്രൂപ്പിലൂടെ അപഹസിക്കുകയും ജീവനക്കാരുടെ മുന്നിൽ വാക്കുകൊണ്ടും നോട്ടംകൊണ്ടും അന്തസിന് പരിക്കേല്പിക്കുകയും ചെയ്തതായി പരാതിയിൽ ആരോപിച്ചു.

കോക്പിറ്റിലും അല്ലാതെയും തടഞ്ഞു വച്ചു. ഫ്ലൈറ്റ് റിപ്പോർട്ട് താൻ പറയുന്നതു പോലെ എഴുതണമെന്ന് നിർബന്ധിച്ചു. വിമാനയാത്രയ്ക്കിടെ ഭക്ഷണം കഴിക്കാനോ ടോയ്‌ലറ്റിൽ പോകാനോ അവസരം നൽകിയില്ലെന്നും പരാതിയിലുണ്ട്.

ഇതു സംബന്ധിച്ച് വലിയതുറ പൊലീസിൽ പരാതി നൽകിയെങ്കിലും തുടർനടപടിയുണ്ടായില്ല. സംഭവത്തെക്കുറിച്ച് ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റിയുടെ റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം നൽകാൻ വനിതാ കമ്മിഷൻ ഉത്തരവിട്ടു. പൊലീസിനോടും റിപ്പോർട്ട് തേടും.

മൂന്ന് കിലോ കഞ്ചാവ് പിടികൂടി

നെയ്യാറ്റിൻകര: തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് കെ.എസ്.ആർ.ടി.സി ബസിൽ കടത്താൻ ശ്രമിച്ച മൂന്ന് കിലോ കഞ്ചാവ് എക്സൈസ് സംഘം പിടികൂടി.

നാഗർകോവിലിൽ നിന്നും തിരുവനന്തപുരത്തേക്ക് വരികയായിരുന്ന കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ബസിൽ ഉടമസ്ഥനില്ലാത്ത ബാഗിൽ നിന്നാണ് കഞ്ചാവ് പിടികൂടിയത്. ചൊവ്വാഴ്ച ഉച്ചയ്ക്ക് ദേശീയപാതയിൽ കൊറ്റാമത്ത് എക്സൈസ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കണ്ടെത്തിയത്. പിടികൂടിയ കഞ്ചാവിന് വിപണിയിൽ ഒരു ലക്ഷത്തോളം രൂപ വിലവരും. കഞ്ചാവ് കടത്തി കൊണ്ടുവന്ന ആളെ കണ്ടെത്താൻ സാധിച്ചില്ല. എക്സൈസ് ഇൻസ്പെക്ടർ സുരേഷ്, പ്രിവന്റീവ് ഓഫീസർ ജസ്റ്റിൻരാജ്, സിവിൽ എക്സൈസ് ഓഫീസർമാരായ അഭിജിത്ത്, ശ്രീജിത്ത്, സൈമൺ എന്നിവർ അടങ്ങുന്ന സംഘമാണ് കഞ്ചാവ് പിടികൂടിയത്.

കെ.എസ്.ആർ.ടി.സി ബസിൽ നിന്ന് പിടികൂടിയ കഞ്ചാവ്

ടൂൾകിറ്റ് ഗ്രാന്റിന്റെ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്ന വിശ്വകർമ, ശാലിയ, തോൽക്കൊല്ലൻ, മൂപ്പർ (ഉപജാതികൾ ഉൾപ്പെടെ) തുടങ്ങിയ സമുദായങ്ങളിൽപ്പെട്ട തൊഴിലാളികൾക്ക് ടൂൾകിറ്റ് ഗ്രാന്റ് നൽകുന്ന പദ്ധതിയുടെ കരട് മുൻഗണനാ പട്ടിക www.bcdd.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. പട്ടിക പരിശോധിച്ച് ആക്ഷേപങ്ങൾ 23ന് മുമ്പ് എറണാകുളം മേഖലാ ഓഫീസിൽ രേഖാമൂലം അറിയിക്കണമെന്ന് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

തിരുവനന്തപുരം ഫോർട്ട് പൊലീസ് സ്റ്റേഷനിൽ ശിശു സൗഹൃദ പൊലീസ് സ്റ്റേഷന്റെ ഉദ്ഘാടനം നിർവഹിക്കാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ കുരുന്നിനെ മണ്ണിൽ അക്ഷരം എഴുതിക്കാൻ ശ്രമിച്ചപ്പോൾ
ഫോട്ടോ.....അജയ് മധു

കുരുന്നുകൾക്ക് കളിക്കാൻ മായാവിയും ഛോട്ടാഭീമും; വാത്സല്യ നിറവിൽ മുഖ്യമന്ത്രി

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: മന്ത്രി തോമസ് ചാണ്ടിയുടെ രാജി അഭ്യൂഹവും മാദ്ധ്യമങ്ങളുടെ തിക്കിത്തിരക്കും കോടതിവിധിയുടെ പിരിമുറുക്കവും കടന്ന് മായാവിക്കും ഛോട്ടാഭീമിനുമൊപ്പം കളിക്കുന്ന കുട്ടികളെ കാണാനാണ് കോഴിക്കോട്ടു നിന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറന്നെത്തിയത്. ഊഞ്ഞാലിലാടിയും സീസോയിലും സ്ലൈഡിലും കളിച്ചും ഉല്ലസിച്ച കുരുന്നുകൾക്കൊപ്പം വാത്സല്യത്തോടെ അരമണിക്കൂറോളം മുഖ്യമന്ത്രി ചിലവിട്ടു.

ശിശു സൗഹൃദ പൊലീസ് സ്റ്റേഷനായി പ്രഖ്യാപിച്ച ഫോർട്ട് സ്റ്റേഷനിലെ പെയിന്റിംഗുകളും സൗകര്യങ്ങളുമെല്ലാം മുഖ്യമന്ത്രി നോക്കികണ്ടു. ചുറ്റും കൂടിയ കുരുന്നുകൾക്ക് അദ്ദേഹം കൈകൊടുത്തു. മരച്ചുവട്ടിൽ ഒരുക്കിയ മണലിൽ കുട്ടികളെ കൈപിടിച്ച് എഴുതിക്കുകയും ചെയ്തു.

നഴ്സറി സ്കൂളിനും പാർക്കിനും സമാനമായിരുന്നു ഇന്നലെ ഫോർട്ട് ശിശുസൗഹൃദ പൊലീസ് സ്റ്റേഷനിലെ അന്തരീക്ഷം. വർണാഭമായിരുന്നു സ്റ്റേഷൻ പരിസരത്ത് നിർമ്മിച്ച ശിശുസൗഹൃദ ജനമൈത്രീ കേന്ദ്രം. കുട്ടികളെ വരവേൽക്കാൻ മായാവിയും ഛോട്ടാഭീമും ഡോറയും മിക്കിമൗസും ഉൾപ്പെടെ കാർട്ടൂൺ ചിത്രങ്ങളും കളിക്കോപ്പുകളും സജ്ജീകരിച്ചു.

വിവിധ സ്കൂളുകളിൽ നിന്നെത്തിയ കുരുന്നുകൾ പൊലീസ് സ്റ്റേഷൻ അങ്കണത്തിലെ പുതിയ സീസോയിലും സ്ലൈഡിലും ഊഞ്ഞാലിലും കയറാനും കളിക്കാനും മൽസരമായിരുന്നു. മുഖ്യമന്ത്രി ഇതെല്ലാം വാത്സല്യത്തോടെ അടുത്തുചെന്ന് നോക്കിക്കണ്ടു. ഉദ്ഘാടനത്തിനുശേഷം ശിശുസൗഹൃദ ജനമൈത്രീ കേന്ദ്രത്തിനു മുന്നിലെ ഊഞ്ഞാലിലാടിയ കുട്ടികളുടെ അടുത്തും മുഖ്യമന്ത്രിയെത്തി.

മുഖ്യമന്ത്രിയെ സ്വീകരിക്കാനെത്തിയ അശ്വാരൂഢ സേനയും ബാൻഡ് സംഘവും കുട്ടികൾക്ക് അദ്ഭുതക്കാഴ്ചയായി.

കുട്ടികളുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന: പിണറായി

തിരുവനന്തപുരം : കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ മുന്തിയ പരിഗണന നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം എസ്. എം. വി. സ്കൂളിൽ കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ശിശുദിനാഘോഷത്തിൽ ശിശുദിന സന്ദേശം നൽകുകയായിരുന്ന അദ്ദേഹം.

രാജ്യത്ത് കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പൂർണമായി പരിഹാരം കാണാൻ നമുക്കായിട്ടില്ല. ഇതെല്ലാം കുട്ടികളുടെ ചാച്ചാജി ഇല്ലാത്തതുകൊണ്ട് സംഭവിച്ചതാണെന്ന തെറ്റിദ്ധാരണ പാടില്ല. നെഹ്റുവിന്റെ കാലത്തും കുട്ടികളുടെ ദുരിതങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കേരളത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസവും മെച്ചപ്പെട്ട ആരോഗ്യസംവിധാനങ്ങളും മറ്റു ഭൗതികസാഹചര്യങ്ങളും നൽകാനാകുന്നുണ്ട്. ലഹരിവിമുക്ത തലമുറയ്ക്കായി വിദ്യാലയങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കുട്ടികളുടെ പ്രധാനമന്ത്രി അഭിനവമിരാഗ് ശിശുദിനാഘോഷം ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ പ്രസിഡന്റ് പി. ആർ. അദ്വൈത് അദ്ധ്യക്ഷത വഹിച്ചു. കുട്ടികളുടെ സ്പീക്കർ എ. ജെ. ആർച്ച മുഖ്യപ്രഭാഷണം നടത്തി. കുട്ടികളുടെ പ്രതിനിധികളായ ആഷ്‌ലിൻ ക്ലാറൻസ്, എ. പി. അലീന, വി. എസ്. ദേവിപ്രിയ എന്നിവർ സംസാരിച്ചു.

ശിശുദിന സ്റ്റാമ്പിന്റെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ശിശുദിന സ്റ്റാമ്പ് രൂപകൽപ്പന ചെയ്ത കോട്ടയം മാർ ഡൈനീഷ്യസ് സെമിനാരി എച്ച്.എസ്.എസിലെ അതുൽ എസ്. രാജിനുവേണ്ടി പിതാവ് മന്ത്രി കെ.കെ. ശൈലജയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. വി. എസ്. ശിവകുമാർ എം.എൽ.എ., സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബിജു പ്രഭാകർ, ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറി എസ്.പി. ദീപക് തുടങ്ങിയവർ സംസാരിച്ചു. നഗരത്തിലെ വിവിധ സ്കൂൾ വിദ്യാർഥികൾ അണിനിരന്ന ശിശുദിന റാലി എസ്.എം.വി. സ്കൂളിൽ നിന്ന് ആരംഭിച്ച് യൂണിവേഴ്സിറ്റി കോളേജ് അങ്കണത്തിൽ സമാപിച്ചു.

തിരുവനന്തപുരം എസ്.എം.വി സ്കൂളിൽ നടന്ന സംസ്ഥാന ശിശുക്ഷേമസമിതിയുടെ ശിശുദിനാഘോഷത്തിൽ കുട്ടികളുടെ പൊതുസമ്മേളനത്തിന് ശേഷം നടന്ന ശിശുദിന റാലിയിൽ അഭിവാദ്യം അർപ്പിച്ച് നീങ്ങുന്ന കുട്ടികളുടെ പ്രധാനമന്ത്രി അഭിനവമിരാഗ്, പ്രസിഡന്റ് അദ്വൈത്, സ്പീക്കർ ആർച്ച, സ്വാഗത പ്രാസംഗിക ആഷ്‌ലിൻ ക്ലാറൻസ്, നന്ദി പ്രാസംഗിക അലീന, ദേവിപ്രിയ എന്നിവർ
ഫോട്ടോ... ബി. സുമേഷ്